

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# നവകേരളം ശില്പശാല

# കർമ്മപദ്ധതി

## തദ്ദേശ സ്വയംഭരണസ്ഥാപന അദ്ധ്യക്ഷരുടെയും മിഷൻ-വകുപ്പുതല ചുമതലക്കാരുടെയും ദ്വിദിന സംഗമം

2018 നവംബർ 27 28

ഗിരിദീപം കൺവെൻഷൻ സെന്റർ
നാലാഞ്ചിറ, തിരുവനന്തപുരം



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം

# അവലോകന കുറിപ്പ്

**നവംബർ 2018**

# നവകേരളം കർമ്മപദ്ധതി
# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

**ആമുഖം**

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. എല്ലാ കുട്ടികൾക്കും അത് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് സമൂഹത്തിന്റേയും സർക്കാരുകളുടേയും ഉത്തരവാദിത്തവുമാണ്. വിദ്യാഭ്യാസ അവകാശനിയമം 2009 ഇക്കാര്യം ഊന്നിപ്പറയുന്നുമുണ്ട്. ഭരണ ഘടനയുടെ 73-74 ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതോടെ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള നിയമപരവും ഭരണഘടനാപരവുമായ ബാധ്യത സംസ്ഥാന സർക്കാരിനെപ്പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുണ്ട്. വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ആദ്യപടി കുട്ടികളെല്ലാം വിദ്യാലയത്തിലെത്തുക എന്നതാണ്. അതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കി വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഇ.എം.എസ് നേതൃത്വം നൽകിയ ആദ്യ ഐക്യകേരള സർക്കാർ തന്നെ ശ്രമങ്ങൾ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായാണ് പൊതുവിദ്യാലയങ്ങൾ വ്യാപകമാക്കിയത്. ഇന്ന് നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനായി അവസരമൊരുക്കാൻ ആവും വിധം എല്ലാ പ്രദേശങ്ങളിലും ആവശ്യമായത്ര പൊതുവിദ്യാലയങ്ങളുണ്ട്. സ്കൂൾ പ്രായത്തിലെ മുഴുവൻ കുട്ടികളും സ്കൂളിലെത്തുന്നു എന്നത് കേരളത്തിന്റെ നേട്ടമാണ്. ഇക്കാര്യത്തിൽ ആൺ-പെൺ ഭേദവും നിലനിൽക്കുന്നില്ല എന്നത് കേരളീയ വിദ്യാഭ്യാസത്തെ വ്യത്യസ്തവും വേറിട്ടതുമാക്കുന്നു. ഭിന്നശേഷിക്കാർ, മലയോരങ്ങളിലേയും തീരദേശങ്ങളിലേയും പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ അപൂർവ്വം കുട്ടികൾ ഇപ്പോഴും സ്കൂളിൽ തുടർച്ചയായി എത്തുന്നില്ല എന്ന പരിമിതി നമുക്ക് മറികടക്കേണ്ടതുണ്ട്. സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ വളരെചെറിയ ന്യൂനപക്ഷമൊഴിച്ച് എല്ലാവരും പത്താം ക്ലാസ്സ് പഠനം പൂർത്തീകരിക്കുന്നുണ്ട് എന്നതും നമ്മുടെ നേട്ടമാണ്. കൊഴിഞ്ഞ്പോക്കിന്റെ തോത് കുറവാണെങ്കിലും മുഴുവൻ കുട്ടികളും സ്കൂൾ പഠനം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ നമുക്ക് കഴിയണം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അക്കാദമിക മികവാണ് നമ്മുടെ ലക്ഷ്യം. അത് കൈവരിക്കണമെങ്കിൽ പൊതുവിദ്യാലയങ്ങളിൽ കാലാനുസൃതമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും സർക്കാർ തിരിച്ചറിഞ്ഞു. ഇവയെല്ലാം പരിഗണിച്ച് സമഗ്രമായ മാറ്റത്തിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ശ്രമിക്കുന്നത്. പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുന്ന ഈ പ്രക്രിയ ജനകീയമായതോടെ ഈ മേഖലയിൽ വലിയ ഉണർവ്വ് കണ്ടുതുടങ്ങി. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 3.5 ലക്ഷത്തോളം കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ പുതുതായി വന്ന്ചേർന്നത്. കാൽ നൂറ്റാണ്ടിനിടയിൽ ആദ്യമായി പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശന ഗ്രാഫ് ഉയർന്നത് ഈ അക്കാദമിക വർഷത്തിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ, സാമൂഹ്യ- സാംസ്കാരിക രംഗത്തുള്ളവർ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിങ്ങനെ ജീവിതത്തിന്റെ നാനാ തുറകളിലുള്ളവരുടെ കൂട്ടായ്മയുടെ ഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്. മുഴുവൻ കുട്ടികളേയും പൊതു വിദ്യാലയങ്ങളിൽ എത്തിക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇതിനായി ബഹുമുഖമായ കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

## ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തന സമീപനവും അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് മാർഗരേഖ 2 [സ.ഉ.(സാധാ)നം.1630/2017 പൊ.വി.വ തീയതി 30/5/2017 ]പ്രകാരം വ്യക്തമാക്കുന്നതിങ്ങനെ:

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലും പ്രീ- പ്രൈമറിമുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യമുറപ്പിക്കുന്നതിനായി സംസ്ഥാനത്ത് 1000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
- ഹൈസ്കൂൾ- ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കി കാലോചിതമായ ബോധന വിദ്യകൾ ഉപയോഗപ്പെടുത്തി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അദ്ധ്യാപക രക്ഷകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യമുൾപ്പെടെയുള്ള പഠന ബോധന സൗകര്യങ്ങളുടെ കാലോചിതമായ വികസനം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക
- ഇംഗ്ലീഷ് ഭാഷാ പ്രാവിണ്യം ഉൾപ്പെടെ വിദ്യാർത്ഥികളുടെ ആശയവിനിമയ ശേഷിയും ജീവിത നൈപുണികളും വികസിപ്പിക്കുക

### പ്രവർത്തന സമീപനം

- പ്രീ സ്കൂൾ മുതൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പഠന ബോധന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഹൈടെക് ക്ലാസ്സ് മുറികൾ, ലബോറട്ടറി, ലൈബ്രറി, കലാ-കായിക സൗകര്യങ്ങൾ തുടങ്ങിയ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതു വിദ്യാലയത്തിലും ഉറപ്പാക്കുക
- ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾ ആർജിക്കേണ്ട അറിവും നൈപുണിയും കൃത്യമായി നിർവ്വചിക്കുകയും നിശ്ചിത ഇടവേളകളിൽ പഠന നിലവാരം നിർണ്ണയിക്കുകയും വേണം. ഓരോ ഘട്ടത്തിലും ഈ ശേഷികൾ നേടിയോ എന്ന് വിലയിരുത്തി, കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ പഠന ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
- ഒരു അദ്ധ്യയന വർഷം ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങൾ പൂർണ്ണമായി വിനിയോഗിച്ച്, ഓരോ വിദ്യാർത്ഥിയേയും കഴിവിന്റെ പരമാവധിയിൽ എത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് അക്കാദമിക രംഗത്ത് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ ഇക്കാര്യം ഉറപ്പാക്കും.
- സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ ഒന്നാംതരം മുതൽ പ്ലസ്സ് ടു വരെ മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് ഉദ്ദേശിക്കുന്നത്. ജനപങ്കാളിത്തത്തോടെ എയ്ഡഡ് വിദ്യാലയങ്ങൾ നവീകരിക്കണം. ഇതിനായി വിദ്യാഭ്യാസ വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ഒരു വിദ്യാലയത്തിൽ മാസ്റ്റർ പ്ലാനിലുള്ള സൗകര്യങ്ങളിൽ കുറവ് വരാൻ പാടില്ല. നവീകരണത്തിന് സ്കൂൾ തലത്തിൽ ചെലവിടുന്നതിന് തുല്യമായി പരമാവധി ഒരു കോടി രൂപ പരിധി വച്ച് സർക്കാർ നൽകും. മുഴുവൻ വിദ്യാലയങ്ങളിലും സർക്കാർ നിർദേശിക്കും വിധം അക്കാദമിക സൗകര്യങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം.

  ഇതോടൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന പൊതുകാഴ്ചപ്പാടിനുള്ളിൽ നിന്നുകൊണ്ട് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ:
- അങ്കണവാടികളടക്കം മുഴുവൻ പ്രീ സ്കൂളിങ്ങ് കേന്ദ്രങ്ങളും മികച്ച അനുഭവങ്ങൾ ഒരുക്കുന്ന ഇടങ്ങളായി മാറും വിധം. പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും.

- അക്കാദമിക മികവിലൂടെ അനന്യമായ കേരള വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കും
- പ്രീസ്കൂൾ മുതൽ 12-ാം ക്ലാസ് വരെ ഓരോ ക്ലാസ്സിലും കുട്ടി അതത് പ്രായഘട്ടത്തിൽ നേടാവുന്ന പരമാവധി ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും. അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കും.
- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും. സ്കൂൾ കാമ്പസിൽ ലഭ്യമായ സ്ഥലത്തിന്റെ 33 ശതമാനം ഹരിതാവരണമുള്ളതാക്കും
- ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും
- വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കൽ. സ്കൂൾ ഘട്ടം കഴിഞ്ഞു പോകുന്ന മുഴുവൻ കുട്ടികളുടേയും നൈപുണി വികസനം ഉറപ്പാക്കും
- കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കും
- പഠന പരിപോഷണത്തിന് പ്രത്യേക പരിഗണന ഉറപ്പാക്കും
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും
- പാഠ്യ, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് ഭൗതിക മാനവിക സാംസ്കാരിക സൗകര്യങ്ങൾ ഉറപ്പാക്കും
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കും
- വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കും
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും
- കാർഷിക സംസ്കാരം വളർത്തിയെടുക്കും
- ക്ലാസ് മുറികൾ ഹൈടെക് ആക്കും
- സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും
- എല്ലാ സ്കൂളുകളും സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രാപ്തമാക്കുന്ന അധ്യാപക പരിശീലനം എല്ലാ അധ്യാപകർക്കും നൽകും
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.

**അക്കാദമികം**

വിദ്യാലയമികവെന്നാൽ അക്കാദമിക മികവാണ്. പൊതുവിദ്യാലയങ്ങളുടെ പ്രധാന പരിമിതിയായി ചൂണ്ടിക്കാണിക്കപ്പെട്ടത് അക്കാദമിക മികവിന്റെ കാര്യവുമാണ്. നാഷണൽ അച്ചീവ്മെന്റ് സർവ്വെ ഉൾപ്പെടെയുള്ള വിവിധ സർവ്വെകളും പഠനങ്ങളും അക്കാദമിക മികവിന്റെ കാര്യത്തിൽ കേരളം ഇനിയും മുന്നോട്ട് പോകാനുണ്ട് എന്ന സൂചന നൽകുന്നുമുണ്ട്. ഒരു പ്രായഘട്ടത്തിലുള്ള കുട്ടി വികസിത രാജ്യങ്ങളിലേതുൾപ്പെടെ സമപ്രായക്കാരായ ഏത് കുട്ടിയും ആർജിക്കുന്ന അറിവും നൈപുണികളും നേടി എന്ന് ഉറപ്പാക്കുമ്പോഴേ അക്കാദമിക നിലവാരം മെച്ചപ്പെട്ടുവെന്ന് കണക്കാക്കാനാകൂ. അക്കാര്യം ഉറപ്പാക്കാനാവശ്യമായ ബോധപൂർവ്വമായ ഇടപെടലുകളാണ് വിദ്യാഭ്യാസ ആസൂത്രണത്തിലൂടെ പൊതു വിദ്യാഭ്യസ സംരക്ഷണ യജ്ഞം മുന്നോട്ട് വയ്ക്കുന്നത്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ഓരോ പ്രദേശത്തിന്റേയും സവിശേഷതകൾക്ക് അനുസൃതമായ ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും സാംസ്കാരിക തലവും ഇഴുകിച്ചേരുന്നതാണ് ഓരോ നാടിന്റേയും വിദ്യാഭ്യാസ സംവിധാനം. അത്തരം സവിശേഷതകളെ അക്കാദമിക പ്രവർത്തനങ്ങൾ നാളിതുവരെ ശാസ്ത്രീയമായി അഭിമുഖീകരിച്ചിട്ടില്ല എന്നത് നമ്മുടെ വിദ്യാഭ്യാസ ആസൂത്രണത്തിന്റെ പരിമിതിയായിരുന്നു. ആ പരിമിതിയെ അതിജീവിക്കാനുള്ള തയ്യാറെടുപ്പാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുന്നതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന പാഠ്യപദ്ധതിയെ ഓരോ കുട്ടിയുടേയും കഴിവുകളും സവിശേഷതകളും തിരിച്ചറിഞ്ഞ് എങ്ങനെയെല്ലാം വിനിമയം ചെയ്യാമെന്ന അന്വേഷണമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വയ്ക്കുന്നത്. പ്രാദേശിക- സാമൂഹ്യ പ്രശ്നങ്ങൾ, അനുഭവങ്ങൾ, നേട്ടങ്ങൾ എന്നിവ പരിഗണിച്ചാവണം പാഠ്യ പദ്ധതി വിനിമയം ചെയ്യപ്പെടുന്നത്. അതിന് പ്രാദേശിക വിഭവങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ ഓരോ പ്രദേശത്തേയും ജനത തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസം എങ്ങനെയാവണമെന്ന് ആഗ്രഹിക്കുന്നുവോ ആ നിലയിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പ് വരുത്തുമെന്ന പ്രഖ്യാപനമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ജനകീയമായ ഇടപെടലിലൂടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി ബഹുജന സമക്ഷം സമർപ്പിച്ചിട്ടുണ്ട്. ദീർഘകാല, ഹ്രസ്വകാല ലക്ഷ്യങ്ങളുടേയും അത് നേടിയെടുക്കുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളുടേയും സമാഹാരമായാണ് മിക്കയിടങ്ങളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിട്ടുള്ളത്. എന്നാൽ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ പല വിദ്യാലയങ്ങളും വേണ്ടത്ര ശ്രദ്ധ കാട്ടിയിട്ടില്ല. ഇത് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ചുരുങ്ങിയത് അഞ്ച് പ്രവർത്തനങ്ങളെങ്കിലും 2018-19 അദ്ധ്യയന വർഷം ഓരോ വിദ്യാലയവും നടപ്പിലാക്കുമെന്ന് ഉറപ്പ് വരുത്തണമെന്ന് ബഹു. മുഖ്യമന്ത്രി നിർദേശിച്ചത്.

അക്കാദമിക മാസ്റ്റർ പ്ലാനിൽ നിന്ന് തെരഞ്ഞെടുത്ത പ്രവർത്തനങ്ങളുടെ പദ്ധതി രൂപരേഖ എല്ലാ സ്കൂളുകളും തയ്യാറാക്കി വരുന്നുണ്ട്. 2018 നവംബർ 30 നകം ഇത് പൂർത്തീകരിക്കും. ഓരോ പ്രവർത്തനവും ആര്, എപ്പോൾ, എങ്ങനെ നടപ്പിലാക്കുമെന്നും എന്തെല്ലാം വിഭവങ്ങൾ ആവശ്യമായി വരുമെന്നും അവ എങ്ങനെയെല്ലാം കണ്ടെത്തുമെന്നും വിശദമാക്കുന്ന സൂക്ഷ്മതല ആസൂത്രണ രേഖയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രേഖ പരിശോധിച്ച് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്തണം. ചുരുങ്ങിയത് അഞ്ച് മികച്ച പ്രവർത്തനങ്ങളെങ്കിലും ഈ വർഷം നടന്നു എന്ന് ഉറപ്പാക്കുന്നതിനൊപ്പം കൂടുതൽ മികവാർന്നവ ബഹുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരവും ഉണ്ടാക്കണം. ജനുവരി അവസാന വാരം സംഘടിപ്പിക്കുന്ന മികവുത്സവത്തിന്റെ ഭാഗമായി ഇത്തരം അവതരണങ്ങൾ ഉൾപ്പെടുത്താം.

## ശ്രദ്ധയും മികവുത്സവവും

പഠനത്തിൽ പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി പഠന പിന്തുണ ഉറപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. അത്തരം പരിപാടികളെല്ലാം 'ശ്രദ്ധ' എന്ന പൊതു പേരിലാണ് അറിയപ്പെടുന്നത്. മുഴുവൻ കുട്ടികളേയും മലയാളത്തിൽ എഴുതാനും വായിക്കാനും നന്നായി ആശയവിനിമയം ചെയ്യാനും പ്രാപ്തമാക്കുന്ന 'മലയാളത്തിളക്കം', ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്താൻ സഹായകമായ 'ഹലോ ഇംഗ്ലീഷ്', ഹിന്ദിയിൽ മെച്ചപ്പെട്ട ആശയവിനിമയം സാധ്യമാക്കാൻ 'സുരീലി ഹിന്ദി', ഗണിത ശേഷികളുറപ്പാക്കുന്ന 'ഗണിത വിജയം' മുതലായ പരിപാടികൾ ശ്രദ്ധയുടെ ഭാഗമാണ്. ഈ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് പഞ്ചായത്ത്/ മുൻസിപ്പൽ വിദ്യാഭ്യാസ സമിതി

പരിശോധിക്കണം. പരിമിതികളുണ്ടെങ്കിൽ മെച്ചപ്പെടുത്താൻ ആവശ്യമായ പിന്തുണ നൽകണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുമുള്ള വിദ്യാലയങ്ങളിലും എഴുത്തും വായനയും അറിയാത്ത കുട്ടികളില്ല എന്ന് പ്രഖ്യാപിക്കാൻ കഴിയണം. മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും ആയാസരഹിതമായി ആശയ വിനിമയം ചെയ്യുന്നതിന് കുട്ടികൾ ആർജിച്ച കഴിവുകൾ പൊതുജനത്തെ ബോധ്യപ്പെടുത്താനാവണം. ഇതിനായി സംഘടിപ്പിക്കുന്ന പരിപാടിയാണ് മികവുത്സവം. കുട്ടികളുടെ മികവുകൾ പ്രകടിപ്പിക്കാനുള്ള വേദിയാണിത്. ഒരു കാരണവശാലും ഇതൊരു മൽസര പരിപാടിയായി മാറില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം. ജനുവരി അവസാന വാരത്തിൽ മികവുത്സവം സംഘടിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് അറിയിപ്പ് വരുന്ന മുറയ്ക്ക് മികവുത്സവങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കാൻ സാധിക്കണം.

## കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങൾക്ക് കൂടുതൽ ശ്രദ്ധ

മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശനത്തിൽ വലിയ വർദ്ധനവുണ്ടായിട്ടില്ല എന്നാണ് പൊതുവിൽ വിലയിരുത്തിയിട്ടുള്ളത്. അത്തരം വിദ്യാലയങ്ങളെ പ്രത്യേകമായി കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി ആവിഷ്ക്കരിക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കീഴിലെ മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങളുടെ സവിശേഷതകൾ എന്തെല്ലാമെന്നും കുട്ടികൾ ഈ വിദ്യാലയങ്ങളിൽ എത്തിച്ചേരാത്തത് എന്തുകൊണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് പഠനം നടത്തി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജനകീയ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കും. ഈ പരിപാടികളെ പരിപൂർണ്ണമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ അനിവാര്യമാണ്. പ്രാദേശിക സവിശേഷതകൾ കൂടി പരിഗണിച്ച് കൊണ്ടുമാത്രമേ ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ സാധ്യമാകൂ. പ്രസ്തുത വിദ്യാലയങ്ങളുടെ പരിസരത്തുള്ള കുട്ടികളെ എങ്ങനെയെല്ലാം ഈ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാമെന്ന് ആലോചിക്കേണ്ടതുണ്ട്. അത്തരം ആലോചനകൾക്ക് നേതൃത്വം നൽകാനും പുതുമയാർന്ന പരിപാടികൾ ആവിഷ്ക്കരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് സാധിക്കുക.

## വായനയുടെ വസന്തം

വിപുലമായ വായനാനുഭവങ്ങൾ സൃഷ്ടിക്കൽ പഠനപ്രവർത്തനങ്ങളുടെ അനിവാര്യമായ ഭാഗമാണ്. വായനയെ പ്രോൽസാഹിപ്പിക്കലും സാംസ്കാരികമായി ഉയർന്ന അവബോധമുള്ള ജനതയായി ഭാവി കേരളത്തെ രൂപപ്പെടുത്തലും ലക്ഷ്യമാക്കി ആരംഭിക്കുന്ന പ്രവർത്തനമാണ് വായനയുടെ വസന്തം. സ്കൂൾ ലൈബ്രറികളെ ശാക്തീകരിക്കലാണ് ഈ പരിപാടിയുടെ ആദ്യപടി. ഒന്നാം ഘട്ടത്തിൽ മുഴുവൻ ഹൈസ്കൂളുകളിലും മെച്ചപ്പെട്ട ലൈബ്രറി സജ്ജമാക്കും. ഒപ്പം എല്ലാ യു.പി. സ്കൂളിലും ഓരോ ക്ലാസ്സ് മുറിയിലും ലൈബ്രറി ഒരുക്കും. രണ്ടാം ഘട്ടത്തിൽ വായനാ പരിപോഷണ പദ്ധതികൾ നടപ്പിലാക്കി മികച്ച വായനക്കാരെ സൃഷ്ടിക്കാനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഡിസംബർ പകുതിയോടെ പുസ്തകങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കും,. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള 10 കോടി രൂപയ്ക്കൊപ്പം സമഗ്ര ശിക്ഷാ കേരളത്തിന്റെ പദ്ധതി വിഹിതം കൂടി പ്രയോജനപ്പെടുത്തി സമഗ്രമായ വായനാ പരിപോഷണ പദ്ധതിയാണ് വായനയുടെ വസന്തത്തിലൂടെ സംഘടിപ്പിക്കുക. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി വികസിപ്പിച്ചിട്ടുണ്ട്.

അക്കാദമിക ആസൂത്രണരേഖ പൂർണാമായ അർത്ഥത്തിൽ നടപ്പാക്കാനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഭൗതികവികസന ആസൂത്രണരേഖ സമഗ്രവിദ്യാലയ വികസനരേഖയുടെ പ്രധാനഭാഗമാകണം. ഇതുസംബന്ധിച്ച വിശദാംശങ്ങൾ മാർഗ്ഗരേഖകളിൽ

നൽകിയിട്ടുണ്ട്. എന്നാൽ വിദ്യാലയങ്ങളിൽ ലഭ്യമാകുന്ന സ്രോതസുകൾക്ക് അനുസൃതമായി താഴെ പറയുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.

- ശിശുസൗഹൃദമായ രീതിയിൽ സ്കൂൾ പ്രവേശന കവാടം, മതിലുകൾ എന്നിവ പുതുക്കൽ.
- മനോഹരമായ പെയിൻറിംഗ്
- മരങ്ങൾക്ക് തറകെട്ടൽ
- പൂന്തോട്ടം, പാർക്ക് നിർമ്മാണം
- കമ്പ്യൂട്ടർലാബ് ഒരുക്കൽ / ഫർണീച്ചർ വാങ്ങൽ
- കിണർ/കുടിവെള്ള സ്രോതസ്സിനെ മെച്ചപ്പെടുത്തൽ
- അടുക്കള നവീകരണം
- ഡൈനിംഗ്ഹാൾ
- ക്ലാസ് ലൈബ്രറി
- ബാലമാസികകളും പുസ്തകങ്ങളും സംഘടിപ്പിച്ച് നൽകൽ
- ലാബുകളുടെ വികസനവും നവീകരണവും
- ഇംഗ്ലീഷ് പഠന പരിപാടി
- റിസോഴ്സ് അധ്യാപകരെ നൽകൽ
- പഠന പരിപോഷണത്തിനുള്ള പ്രവർത്തനങ്ങളിൽ ഇടപെടൽ
- ദിനാചരണങ്ങൾ പഠനസമീപനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കൽ
- സ്കൂൾ ജൈവ കൃഷി
- ജൈവ വൈവിധ്യപാർക്ക്, ആവശ്യമായ കെട്ടിടങ്ങൾ
- കലാ-കായിക സാംസ്കാരിക പാർക്ക് വികസിപ്പിക്കൽ
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗഹാർദ്ദമായ പാർക്ക്. ഉദാ: ഓട്ടിസം പാർക്ക്
- കുട്ടികളുടെ പ്രതിഭാപോഷണത്തിന് ടാലൻറ് ലാബുകൾ
- കുട്ടികളിൽ യുക്തിചിന്തയും ശാസ്ത്ര അവബോധവും വളർത്തിയെടുക്കുന്നതിന് 'ശാസ്ത്ര രംഗം'
- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ

## ഹരിത നിയമാവലി

വിദ്യാലയ ക്യാമ്പസുകളിൽ ഹരിത നയം പാലിക്കൽ കർശനമാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് മുഴുവൻ സ്കൂളുകളിലും ഹരിത നിയമാവലി പാലിക്കണമെന്ന് എം(4)/80575/2018/ഡി.പി.ഐ തീയതി 18.11.2016 ലെ സർക്കുലർ പ്രകാരം നിർദേശം നൽകിയിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്യാമ്പസുകളെ മലിനപ്പെടുത്തുന്നതിനെതിരേയും വിദ്യാർത്ഥികളിൽ ജൈവാവബോധം വളർത്തിയെടുക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനാണ് ഹരിത നിയമാവലി പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളിൽ പ്രമുഖമാണ്. ഖരമാലിന്യ സംസ്കരണം കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. ഈ പശ്ചാത്തലത്തിൽ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടപ്പിലാക്കണമെന്ന് നിർദേശിച്ച കാര്യങ്ങൾ:

- സ്കൂളിൽ നടക്കുന്ന യോഗങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക് കുപ്പികൾ, പേപ്പർ കപ്പുകൾ ഉപയോഗിക്കരുത്. പകരം സ്റ്റീൽ/ കുപ്പി ഗ്ലാസ്സുകൾ ഉപയോഗിക്കുക

- പ്ലാസ്റ്റിക് പേപ്പറുകളിൽ പൊതിഞ്ഞ ബൊക്കെകൾ ഒഴിവാക്കണം.
- പൊതുവേദിയിൽ അതിഥികൾക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല
- പ്ലാസ്റ്റിക് /ഫ്ലക്സ് ഉപയോഗിച്ചുള്ള ബാനർ / കൊടി തോരണങ്ങൾ പൂർണ്ണമായും ഒഴിവാക്കുക
- വിദ്യാലയ കോമ്പണ്ടിലേയ്ക്ക് പ്ലാസ്റ്റിക് ക്യാരിബാഗുകളോ, പ്ലാസ്റ്റിക് കുപ്പികളോ കൊണ്ടുവരുന്നതിന് അനുവദിക്കരുത്.
- പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കി പകരം സ്റ്റീൽ ബോട്ടിലുകളിൽ കുടിവെള്ളം കൊണ്ടുവരുന്നതിന് കുട്ടികളെ പ്രേരിപ്പിക്കണം.
- സ്കൂളുകളിലേയ്ക്ക് പ്ലാസ്റ്റിക്, അലുമിനിയം ഫോയിൽ മുതലായവ ഉപയോഗിച്ചുള്ള ഭക്ഷണപ്പൊതികൾ കൊണ്ടുവരാൻ അനുവദിക്കരുത്. അതേസമയം ഇലപൊതികൾ കൊണ്ടുവരുന്നത് വിലക്കേണ്ടതുമില്ല. സ്റ്റീൽ കൊണ്ടുള്ള ടിഫിൻ ബോക്സുകൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കണം.
- ഉപയോഗിച്ച് വലിച്ചെറിയുന്ന തരം പേനകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തണം
- സ്കൂൾ കോമ്പൗണ്ടിൽ ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനും ഉള്ള സംവിധാനം ഉറപ്പാക്കണം.
- ശുചിമുറികളിൽ എല്ലായ്പ്പോഴും ജല ലഭ്യത ഉറപ്പാക്കണം. അതേസമയം ജലം പാഴാക്കി കളയുന്നില്ലെന്ന് ഉറപ്പ് വരുത്തണം. വീടുകളിലും പൊതുസ്ഥലങ്ങളിലും ജലം പാഴാക്കുകയും മലിനമാക്കുകയും ചെയ്യുന്നതിനെതിരെ ആരോഗ്യകരമായ ജല ഉപയോഗ സംസ്കാരം കുട്ടികളിൽ ബോധവൽക്കരണ പരിപാടികളിലൂടെ വളർത്തിയെടുക്കണം.
- മലിന ജലം എങ്ങും കെട്ടിക്കിടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം.
- പ്ലാസ്റ്റിക് മാലിന്യം കുന്നുകൂടുന്നതിനെതിരെ ക്രിയാത്മകമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ശുചിത്വ മിഷൻ, സ്റ്റാപ് മർച്ചന്റ് അസ്സോസ്സിയേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

## തമസ്സോമാ ജ്യോതിർഗമയ

ഇന്ത്യൻ ഭരണ ഘടന അംഗീകരിച്ചതിന്റെ വാർഷിക ദിനമായ നവംബർ 26 മുതൽ റിപ്പബ്ലിക് ദിനമായ ജനുവരി 26 വരെ ഭരണഘടനയുടെ സന്ദേശവും ഐക്യകേരളപ്പിറവിയിലേയ്ക്ക് നയിച്ച കേരളത്തിന്റെ നവോത്ഥാന ചരിത്രവും വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് തമസ്സോമാ ജ്യോതിർഗമയ നവോത്ഥാന സ്കൂൾ ക്യാമ്പയിൻ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നു. ഈ കാലയളവിൽ ഭരണഘടനയുടെ അന്തസത്തയും പ്രാധാന്യവും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആധുനിക കേരളം രൂപപ്പെട്ട ചരിത്രവും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ കഴിയും വിധം വൈവിധ്യമാർന്ന പരിപാടികൾ പഠന പ്രവർത്തനങ്ങളായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനാവശ്യമായ പിന്തുണയും സഹായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകണം.

## സമഗ്രശിക്ഷ. കേരളം

വിദ്യാഭ്യാസ രംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമഗ്രശിക്ഷ കേരളം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാട് സാർത്ഥകമാക്കുന്നതിനായി സമഗ്ര ശിക്ഷ കേരളം പദ്ധതിയെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായതുകൊണ്ട് തന്നെ അതിനായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം അതത് സമയത്ത് തന്നെ നൽകാൻ പഞ്ചായത്തുകൾ തയ്യാറാകണം.

## ഭൗതിക സൗകര്യം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഭൗതിക സാഹചര്യവും ചുറ്റുപാടും സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും മെച്ചപ്പെട്ട ഭൗതിക സൗകര്യം ഒരുക്കണമെന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമിടുന്നത്. ജനകീയ ഇടപെടലിലൂടെ ഇത് എങ്ങനെ സാധ്യമാക്കാമെന്ന് കൂട്ടായി അന്വേഷിക്കേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അനുഗുണമാംവിധം ഭൗതിക സൗകര്യങ്ങളുടെ വികസനത്തിന് ആദ്യഘട്ടത്തിൽ 141 വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു നിയമസഭാ നിയോജക മണ്ഡലത്തിൽ ഒരു വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നതിന് 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. നിയമസഭാ സാമാജികർ നിർദേശിച്ച വിദ്യാലയത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിൽ 113 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.14 വിദ്യാലയങ്ങൾ നിർമ്മാണം ആരംഭിക്കാവുന്ന ഘട്ടത്തിലാണ്.

കൂടുതൽ കുട്ടികളുള്ള വിദ്യാലയങ്ങളിൽ സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇക്കാര്യം പരിഗണിച്ച് ആയിരത്തിൽ കൂടുതൽ കുട്ടികളുള്ള മുഴുവൻ സ്കൂളുകളിലും 3 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 229 സ്കൂളുകളെയാണ് ഇതിനായി കണ്ടെത്തിട്ടുള്ളത്. 185 സ്കൂളുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ 70 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് എന്നിവ അതാത് മേഖലകളിൽ വരുന്ന സർക്കാർ സ്കൂളുകൾക്ക് പ്ലാൻഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിന് ചാലഞ്ച് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. മാനേജർമാർ മുടക്കുന്ന തുകയ്ക്ക് ആനുപാതികമായി അത്രയും തുക സർക്കാർ നൽകുന്ന രീതിയാണ് ചാലഞ്ച് ഫണ്ട്. നിബന്ധനകൾക്ക് വിധേയമായി പരമാവധി ഒരു കോടി രൂപ വരെ ഈ പദ്ധതിയുടെ ഭാഗമായി അനുവദിക്കും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന ഭൗതിക സൗകര്യവികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ സർക്കാർ വിദ്യാലയങ്ങളുടെ മുഖഛായ മാറും. നമ്മുടെ നാടിന്റെ അഭിമാന ചിഹ്നങ്ങളായി ഈ സർക്കാർ സ്കൂളുകൾ മാറണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും സമയബന്ധിതമായ ഇടപെടലുകളും അനിവാര്യമാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന ഘടകങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് പ്രാദേശികമായി എന്തെല്ലാം ചെയ്യണമെന്ന് പരിശോധിച്ച് ഇടപെടലുകൾ ഉണ്ടാകണം. സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള പിന്തുണ ആവശ്യമെങ്കിൽ ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും തദ്ദേശ സ്വയംഭരണസ്ഥാപന മേധാവികൾ തയ്യാറാകണം.

## സാങ്കേതിക വിദ്യാസൗഹൃദ ക്ലാസ്സ്മുറികൾ

സമകാലികമായ മാറ്റങ്ങൾ പഠനപ്രവർത്തനങ്ങളിലും അദ്ധ്യാപനത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. വിവര സാങ്കേതിക വിദ്യ ക്ലാസ്സ്മുറിയെ ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിനായി മുഴുവൻ ക്ലാസ്സുകളും ഹൈടെക്ക് ആക്കുന്ന പദ്ധതി നടന്നുവരികയാണ്. അന്താരാഷ്ട്രതലത്തിൽ വിദ്യാഭ്യാസ രംഗത്തും അനുബന്ധ രംഗങ്ങളിലും സംഭവിക്കുന്ന ഏറ്റവും പുതിയ ചലനങ്ങൾ ഉൾപ്പെടെ നമ്മുടെ വിദ്യാലയത്തിൽ ലഭ്യമാക്കാനാവുംവിധമാണ് ഹൈടെക് ക്ലാസ്സ്മുറികൾ സജ്ജീകരിക്കുന്നത്. പഠന പ്രവർത്തനങ്ങളെ ആകർഷകമാക്കാനും രസകരമാക്കാനും സമകാലിക അനുഭവങ്ങൾ പങ്ക് വയ്ക്കാനും കുട്ടികൾക്ക് ഇതുവഴി സാധിക്കും. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസ്സ് മുറികളും ഹൈടെക് ആക്കാനാണ് ലക്ഷ്യമിട്ടത്. ആകെ 4752 സ്കൂളുകളിലായി 45000 ക്ലാസ്സ് മുറികളാണ് ഹൈടെക് ആക്കേണ്ടത്. ഇവയിൽ 43329 ക്ലാസ്സുമുറികൾ ഇതിനകം ഹൈടെക് ആയിക്കഴിഞ്ഞു. ബാക്കിയുള്ള 1671 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ ഉടൻ പരിഹരിക്കേണ്ടതുണ്ട്. നിശ്ചിത സൗകര്യങ്ങൾ ഇവിടെ ഉറപ്പാക്കാനാവണം. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാര്യമായി ഇടപെടുകയും എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് ആക്കുന്ന പ്രക്രിയ സുഗമമാക്കുകയും ചെയ്യണം. അടുത്ത ഘട്ടത്തിൽ മുഴുവൻ പ്രൈമറി സ്കൂളുകളേയും ഹൈടെക് വൽക്കരിക്കും.

## സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടൽ

ഹൈടെക്ക് വൽക്കരണത്തിന്റെ ആദ്യഭാഗം ആവശ്യമായ ഉപകരണങ്ങൾ ഉറപ്പാക്കലാണ്. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾക്ക് സഹായകമായ ഡിജിറ്റൽ വിഭവങ്ങൾ ഉണ്ടാവുക എന്നതും പ്രധാനമാണ്. മതിയായ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമല്ല എന്ന പരിമിതി തിരിച്ചറിഞ്ഞ് ഓരോ ക്ലാസ്സിലേയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽ വിഭവങ്ങളുടെ സമാഹാരമാണ് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടൽ. അദ്ധ്യാപകരും സാങ്കേതിക വിദഗ്ധരും ചേർന്ന് തയ്യാറാക്കിയ ഡിജിറ്റൽ വിഭവങ്ങൾ എങ്ങനെ ക്ലാസ്സിൽ ഉപയോഗപ്പെടുത്തണമെന്നത് സംബന്ധിച്ച് മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇവയെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തി ക്ലാസ്സ് മുറി വിനിമയം കാലികമായി മാറിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ നമുക്ക് സാധിക്കണം. പഞ്ചായത്ത്/ മുൻസിപ്പൽ വിദ്യാഭ്യാസ സമിതിയിൽ സമഗ്രാ ഡിജിറ്റൽ വിഭവ പോർട്ടലിന്റെ ഉപയോഗം സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്കൂൾതല അനുഭവങ്ങൾ പങ്ക് വയ്ക്കുകയും ചെയ്യണം. ഇത്തരം ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുന്നതിലൂടെ സമഗ്രയിലെ വിഭവങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഉപയോഗം സാർവ്വത്രികമാക്കാനും കഴിയും.

## ജൈവ വൈവിധ്യോദ്യാനം

കാലാവസ്ഥാ വ്യതിയാനത്തിന് മരമാണ് മറുപടി എന്നത് പ്രചുരപ്രചാരം നേടിയ ആശയമാണ്. അഭൂതപൂർവ്വമായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യോദ്യാനം കാത്ത് സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കും ബോധ്യപ്പെട്ടതുമാണ്. എല്ലാ വിദ്യാലയങ്ങളിലും ജൈവ വൈവിധ്യോദ്യാനം നിർമ്മിക്കുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഓരോ വിദ്യാലയത്തിലും ലഭ്യമായ സ്ഥലത്തിന്റെ 33% എങ്കിലും ഹരിതാവരണം ഉള്ളതായി മാറണമെന്നാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. വലിയ മരങ്ങൾ, കുറ്റിച്ചെടികൾ, ചെറുസസ്യങ്ങൾ എന്നിങ്ങനെ വിവിധ വലുപ്പത്തിലും സ്വഭാവത്തിലുമുള്ള ചെടികൾ ജൈവവൈവിധ്യോദ്യാനത്തിലുണ്ടാകണം. പ്രാദേശികമായി ലഭിക്കുന്ന ചെടികൾക്ക് പ്രാധാന്യം നൽകാം. ചെടികൾ നട്ടുപിടിപ്പിക്കുക മാത്രമല്ല ജൈവവൈവിധ്യോദ്യാനം നിർമ്മിക്കുന്നതിന്റെ ലക്ഷ്യം. ജൈവവൈവിധ്യോദ്യാനത്തിലൂടെ വിവിധ

പാഠഭാഗങ്ങളിലെ ആശയങ്ങൾ കുട്ടികൾക്ക് പ്രയോഗിക്കാനുള്ള അവസരം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ആവാസ വ്യവസ്ഥയിലെ ഒരു കണ്ണിയും അറ്റുപോകരുത് എന്നും ഓരോ ജീവിക്കും അവരുടേതായ ധർമ്മം പ്രകൃതിയിൽ നിർവ്വഹിക്കാനുണ്ടെന്നും അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ബോധ്യപ്പെടുത്താനുള്ള മാർഗമായി ജൈവവൈവിധ്യോദ്യാനം അക്കാദമിക മാസ്റ്റർ പ്ലാനിൽ ഇടം നേടിയിട്ടുണ്ട്. ക്യാമ്പസ് തന്നെ ഒരു പാഠ പുസ്തകമായി മാറുമ്പോൾ പ്രകൃതിയ്ക്കിണങ്ങിയ ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്ന നവീനമായ ജീവിതാവബോധത്തിലേയ്ക്കാണ് കുട്ടികളെ നയിക്കുക. ഈ ലക്ഷ്യത്തിലേയ്ക്കെത്തിക്കാൻ എതെല്ലാം ആശയങ്ങൾ എങ്ങനെയെല്ലാം ജൈവവൈവിധ്യോദ്യാനത്തിന്റെ പശ്ചാത്തലത്തിൽ വിനിമയം ചെയ്യാമെന്നതിനെ സംബന്ധിച്ച് അദ്ധ്യാപകർക്ക് നിർദേശം നൽകിയിട്ടുണ്ട്. മുഴുവൻ വിദ്യാലയങ്ങളിലും സാധ്യതകൾക്കനുസരിച്ചുള്ള ജൈവവൈവിധ്യോദ്യാനം ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

## പാർശ്വവൽക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്സ്മുറി

പാർശ്വവൽക്കരണത്തിന് കാരണങ്ങൾ പലതാണ്. ഭൂമിശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ കാരണങ്ങളാൽ പാർശ്വവൽക്കരണം സംഭവിക്കുന്നുണ്ട്. അങ്ങനെയുള്ള മേഖലയിലെ കുട്ടികൾ സ്കൂളിലും ക്ലാസ്സിലും പലവിധ പ്രയാസങ്ങൾ അനുഭവിക്കുന്നുമുണ്ട്. പഠന കാര്യങ്ങളിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ പഠനത്തോട് പുറം തിരിഞ്ഞ് നിൽക്കാൻ പ്രേരിപ്പിക്കുന്നുമുണ്ട്. അതുകൊണ്ട് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ അവർ താൽപര്യം പ്രകടിപ്പിക്കാറില്ല. അത്തരം കുട്ടികളെ പ്രത്യേകമായി പരിഗണിച്ച് കൊണ്ടുള്ള പഠന പിന്തുണ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് രണ്ട് തരത്തിലുള്ള ഇടപെടലുകളാണ് ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്നു എന്ന് ഉറപ്പാക്കലാണ് ആദ്യത്തേത്. സ്കൂൾ പ്രായത്തിലുള്ള ഏതെങ്കിലും കുട്ടി സ്കൂളിൽ എത്തുന്നില്ലെങ്കിൽ എന്താണ് കാരണമെന്ന് മനസ്സിലാക്കി അത് പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം. സ്കൂളിലെത്തിയ കുട്ടികൾ പഠന കാര്യത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് തിരിച്ചറിഞ്ഞ് അനുയോജ്യമായ പിന്തുണ ഉറപ്പാക്കലാണ് രണ്ടാമത്തേത്. അക്കാദമിക കാര്യങ്ങളിൽ ആവശ്യമായ പ്രത്യേക പിന്തുണ അദ്ധ്യാപകർ നൽകും. അതിനാവശ്യമായ സൂക്ഷ്മതലാസൂത്രണവും വിഭവ പിന്തുണയും പ്രവർത്തന പുരോഗതി വിലയിരുത്തലും പഞ്ചായത്ത് / മുനിസിപ്പൽ വിദ്യാഭ്യാസ സമിതിയിൽ ഉണ്ടാകണം.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളം ഭിന്നശേഷി സൗഹൃദ സംസ്ഥാനമാകുമെന്ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്നവർക്കായി സമഗ്രമായ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി അത്തരം ആളുകളുടെ ജീവിതത്തിൽ എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകാനാവുംവിധം സമഗ്രമായ പദ്ധതി ആസൂത്രണത്തിന് വിവിധ വകുപ്പ് മേധാവികളുടെ യോഗം വിളിച്ച് ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നം സജീവമായ ഇടപെടൽ മേഖലയായി കാണേണ്ടതുണ്ട്. ആർ.പി.ഡബ്യു.ഡി. ആക്ട് 2016 പ്രകാരം അനുയോജ്യ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉറപ്പാക്കൽ സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവഹിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്താവുന്ന ധാരാളം സംയോജിത സംയുക്ത പദ്ധതികൾ ഉണ്ട്. നിലവിൽ ഇക്കാര്യങ്ങൾ കാര്യമായി ശ്രദ്ധിക്കുന്നതിൽ പരിമിതി കാണുന്നുണ്ട്. ഇത് മറികടക്കേണ്ടതുണ്ട്.

സംയോജിത സംയുക്ത പദ്ധതി സാധ്യതകൾ പരിശോധിച്ച് ആവശ്യമായ ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടതതാവുന്നതാണ്. ചില ഇടപെടൽ സാധ്യതകൾ :

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി രജിസ്റ്റർ സൂക്ഷിക്കണം
- മുഴുവൻ കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നു എന്ന് ഉറപ്പാക്കണം
- ആവശ്യമെങ്കിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കണം
- നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം അർഹരായ എല്ലാ കുട്ടികൾക്കും ധനസഹായം (സ്കോളർഷിപ്പ്) വിതരണം ചെയ്യുന്നുണ്ട് എന്ന് ഉറപ്പാക്കണം
- വിദ്യാലയത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരാനും വിദ്യാലയ പരിസരം ഫലപ്രദമായി പ്രയോജനപ്പെടുത്താനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം
- സഹായകോപകരണങ്ങൾ (അസിസ്റ്റീവ് ഡിവൈസസ്) ലഭ്യമാക്കണം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ പ്രത്യേക സൗകര്യം (റിസോഴ്സ് സെന്റർ) ഒരുക്കണം
- തെറാപ്പി സൗകര്യം ഒരുക്കണം
- അഡാപ്റ്റ് ശുചിമുറികൾ സജ്ജമാക്കണം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സേവനം ഉറപ്പാക്കണം
- അനുരൂപീകൃത പഠനോപകരണങ്ങൾ ലഭ്യമാക്കണം
- അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം
- പ്രത്യേക പരിഗണന അർഹിക്കുന്നവരെ കണ്ടെത്താനുള്ള വൈദ്യപരിശോധന നടത്തണം

പാർശ്വവൽക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്സ് മുറി എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങളിൽ ഒന്നാണ്. ക്ലാസ്സ് മുറികളിൽ പാർശ്വവൽക്കരണത്തിന് വിധേയമാകുന്നവരിൽ മുഖ്യ പങ്ക് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളാണ്. ആയതിനാൽ അത്തരം കുട്ടികൾക്കാവശ്യമായ അക്കാദമികവും ഭൗതികവുമായ പിന്തുണ നൽകി ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ കാര്യമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓട്ടിസം പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിൽ ഒന്നുവീതം 14 ഓട്ടിസം പാർക്കുകളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. സമഗ്രശിക്ഷാ കേരളത്തിന്റെ ഭാഗമായി ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ബി.ആർ.സികളിൽ പരിമിതമായ രീതിയിലാണെങ്കിലും തെറാപ്പി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പാക്കാനും ആവശ്യമെങ്കിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ സാധ്യതകൾ

സാമ്പത്തികമായും പ്രാദേശിക വൈദഗ്ധ്യങ്ങളായും വലിയ തോതിലുള്ള പിന്തുണയും ഇടപെടലുകളും പ്രാദേശിക സർക്കാരുകളുടെ ഭാഗത്തുനിന്നും ഇക്കാര്യങ്ങളിൽ അനിവാര്യമാണ്. ജനകീയ ഇടപെടൽ സാധ്യതകളെ ശക്തിപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഫലപ്രദമായി ഇടപെടാനാകുക . ചില സാദ്ധ്യതകൾ:

- തദ്ദേശ സ്വയംഭരണ പരിധിയിൽ വരുന്ന സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്കൂളുകളിൽ എത്തുന്നു എന്നുറപ്പുവരുത്തുക. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് വിദ്യാഭ്യാസ രജിസ്റ്റർ സൂക്ഷിക്കുക എന്നത്. തദ്ദേശ ഭരണ പരിധിയിൽ വരുന്ന സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും എവിടെ പഠിക്കുന്നു എന്നും മറ്റുമുള്ള പൂർണ വിവരങ്ങൾ പ്രസ്തുത രേഖയിൽ ഉണ്ടാകണം.
- 200 പ്രവൃത്തി ദിനങ്ങൾ കുട്ടികളുടെ അവകാശമാണ്. ഈ വർഷം നീപ, പ്രളയം എന്നീ കാരണങ്ങളാൽ സ്കൂളുകൾക്ക് അവധി നൽകേണ്ടി വന്നിട്ടുണ്ട്. അങ്ങനെ നഷ്ടപ്പെട്ട പഠന ദിനങ്ങൾക്ക് പകരം ദിനങ്ങൾ ലഭിക്കുന്നു എന്നുറപ്പാക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടാകണം.
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകൽ.
- സ്കൂൾതലത്തിൽ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനിനെ ആസ്പദമാക്കി തദ്ദേശ സ്വയംഭരണതലത്തിൽ വിദ്യാഭ്യാസ വികസന പദ്ധതിക്ക് രൂപം നൽകൽ. ഇതിനായി തദ്ദേശ ഭരണതല വിദ്യാഭ്യാസ സമിതിയെ സജ്ജമാക്കൽ.
- കാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയമാക്കൽ
- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനം
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി പ്രാദേശിക വൈദഗ്ധ്യം അനിവാര്യമാണ്. ഇതിന് ശാസ്ത്രീയമായ ഏകോപനം സാധ്യമാക്കൽ.
- എല്ലാ വിദ്യാലയങ്ങളും വിദ്യാർത്ഥി സൗഹൃദമാക്കൽ
- വിദ്യാലയ പരിസരം ലഹരി വിമുക്തമാക്കാൻ നേതൃത്വം നൽകൽ.
- മാലിന്യപ്രശ്നങ്ങളെ മറികടക്കാൻ വികസിപ്പിച്ച സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന പ്രയോഗശാലകളായി വിദ്യാലയ കാമ്പസിനെ പ്രയോജനപ്പെടുത്തൽ.
- ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പാക്കൽ
- സ്കൂൾ കാമ്പസിനെ ഹരിതാഭമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ.
- ബഞ്ച്, ഡസ്ക് തുടങ്ങി സ്കൂളിനാവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കൽ
- കുടിവെള്ളം, പാചകശാല, ആധുനിക പാചക സംവിധാനങ്ങൾ, ഭക്ഷണശാല എന്നിവ സജ്ജമാക്കൽ.
- ഓഡിറ്റോറിയം
- സ്വിമ്മിംഗ് പൂൾ
- സിന്തറ്റിക് ട്രാക്
- ആവശ്യമായ സർക്കാർ സ്കൂളുകൾക്കെല്ലാം പുതിയ കെട്ടിടം
- സ്കൂളുകളിൽ സൗരോർജ്ജം
- എല്ലാ സ്കൂളുകൾക്കും ജൈവവൈവിധ്യ പാർക്ക്
- എല്ലാ സ്കൂളുകൾക്കും നല്ല ശുചിമുറി, അടുക്കള, കൈകഴുകുന്ന സ്ഥലം, ഭക്ഷണം കഴിക്കുന്ന സ്ഥലം
- എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി
- എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്
- എല്ലാ കാമ്പസുകളിലും ഹരിത നിയമാവലി (ഗ്രീൻ പ്രോട്ടോക്കോൾ)
- എല്ലാ സ്കൂളുകളിലും ടാലന്റ് ലാബ്

## ഉപസംഹാരം

ജനകീയ ജനാധിപത്യ വിദ്യാർത്ഥി കേന്ദ്രീകൃത മതനിരപേക്ഷ വിദ്യാഭ്യാസം എല്ലാവർക്കും എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യ പ്രാപ്തിക്കായി ആവിഷ്കരിച്ച കർമ്മപദ്ധതികൾ വിജയ പഥത്തിലെത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയും മേൽനോട്ടവും ഇടപെലുകളും ഉണ്ടാകണം. നവകേരളം കർമ്മപദ്ധതികളിലൂടെ മെച്ചപ്പെട്ട ജീവിതാവബോധവും മൂല്യബോധവും ഉള്ള സമൂഹ സൃഷ്ടിയാണ് ലക്ഷ്യമിടുന്നത്. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിലൂടെയാണ് നവകേരള സ്വപ്നം പൂവണിയുക. ജനകീയ ജനാധിപത്യ മത നിരപേക്ഷ വിദ്യാഭ്യാസത്തിലൂടെ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പ് വരുത്തുകയും ഭരണ ഘടന മൂല്യങ്ങൾ ഉൾക്കൊണ്ട് സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കുകയും ചെയ്യുന്ന നവകേരള സമൂഹ സൃഷ്ടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാന ലക്ഷ്യം. പാർശ്വ വൽക്കരിക്കപ്പെട്ടവരില്ലാത്ത സമൂഹ സൃഷ്ടിക്കായി വിഭാവനം ചെയ്യപ്പെട്ട ഈ ജനകീയ മുന്നേറ്റം കേരളത്തിന്റെ വികസന ചരിത്രം മാറ്റി എഴുതാൻ പ്രാപ്തമായ ഇടപെടലുകളായി വളർത്തിയെടുക്കുന്നതിന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം

പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം